*പത്രക്കുറിപ്പ്* *08.09.2016*

# ചൈനയിലെ യിൻചാൻ ബിനാലെയ്ക്ക് മികവേകുന്നത് കൊച്ചി ബിനാലെ

കൊച്ചി: ചൈനയിലെ യിൻചാൻ ബിനാലെയ്ക്ക് സെപ്റ്റംബർ ഒൻപതിന് തിരിതെളിയുമ്പോൾ അത് കൊച്ചി ബിനാലെയ്ക്കും അഭിമാന മുഹൂർത്തമാകും. കൊച്ചി ബിനാലെ ഫൗണ്ടേഷൻ പ്രസിഡന്റ് ബോസ് കൃഷ്ണമാചാരിയാണ് യിൻചാൻ ബിനാലെയുടെ ക്യൂറേറ്റർ.

ഫോർആൻ ഇമേജ് ഫാസ്റ്റർദാൻലൈറ്റ്(പ്രകാശത്തെക്കാൾവേഗമുള്ള പ്രതിഛായയ്ക്കുവേണ്ടി) എന്നാണ് യിൻചാൻ ബിനാലെയ്ക്ക് നൽകിയിരിക്കുന്ന പ്രമേയം. ഇന്ത്യയിലെ പ്രഥമ ബിനാലെയായ കൊച്ചിയിൽനിന്നു പ്രചോദനമുൾക്കൊണ്ടാണ് യിൻചാൻ നഗരവും ബിനാലെയ്ക്കൊരുങ്ങിയത്. കൊച്ചി ബിനാലെയ്ക്ക് ലഭിച്ച അന്താരാഷ്ട്ര പ്രശസ്തിയാണിതിനു കാരണം.

രാജ്യാന്തര പ്രശസ്തരായ 73 കലാകാരന്മാരാണ് ഡിസംബർ 18 വരെ നടക്കുന്ന യിൻചാൻ ബിനാലെയിൽ പങ്കെടുക്കുന്നത്. നഗരത്തിലെ മ്യൂസിയം ഓഫ് കണ്ടംപററി ആർട്ട് യിൻചാനിലാണ് പ്രദർശനം സംഘടിപ്പിക്കുന്നത്.

ബോസ് കൃഷ്ണമാചാരിയുടെ സർഗാത്മകതയിലൂന്നിയ സമകാലിക പ്രമേയങ്ങളാകും യിൻചാൻ ബിനാലെയുടെ മുഖമുദ്ര. കൊച്ചി ബിനാലെയുടെ ക്യൂറേറ്റർകൂടിയായ സുദർശൻഷെട്ടി, ഫൗണ്ടേഷൻ സെക്രട്ടറിയും കൊച്ചി ബിനാലെയുടെ സഹസ്ഥാപകനുമായ റിയാസ് കോമു, അനീഷ് കപൂർ, സോങ്ഡോങ്, ലിയാംഗില്ലിക്, യോകോ ഒനോ, തുടങ്ങിയ പ്രശസ്തർ യിൻചാനിൽ പങ്കെടുക്കുന്നുണ്ട്.

വടക്കു പടിഞ്ഞാറൻചൈനയിലെ ആദ്യലളിതകലാമ്യൂസിയമാണ് യിൻചാനിലുള്ളത്. ചൈനയിലെ ആധുനിക മ്യൂസിയങ്ങളിൽ ഏറ്റവും മികച്ചതാണിത്.

1/1903, Kunnumpuram, Fort Kochi, Kerala -682 001, India. Tel: +91 484 2215287, +91 484 2215297(Fax) Email: info@kochimuzirisbiennale.org
kochimuzirisbiennale.org